## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2185** — **17.06.2014 ലെ മറുപടിയ്ക്ക്**

### മണി ലെന്റേഴ്സ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ :**<br>**ശ്രീ. കെ. രാജു :**<br>**ശ്രീ. ജി.എസ്. ജയലാൽ :**<br>**ശ്രീ. ഇ. കെ. വിജയൻ :** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് മണി ലെന്റേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളുണ്ട് ; | (എ) 31-05-2014-ലെ കണക്കുപ്രകാരം കേരള മണിലെൻഡേഴ്സ് ആക്റ്റിൻകീഴിൽ 10372 പേർ ലൈസൻസ് എടുത്തിട്ടുണ്ട്. |
| (ബി) അനധികൃതമായി ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മണി ലെൻഡേഴ്സ് ആക്റ്റിന്റെ സെക്ഷൻ 3(1) പ്രകാരം എല്ലാ മണിലെൻഡർമാരും ടി നിയമത്തിൽകീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തി 30-06-2014-നു മുമ്പ് ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസില്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിംഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവു ശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കേരള മണിലെൻഡേഴ്സ് ആക്റ്റിലെ സെക്ഷൻ 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7(1)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ (ബാങ്ക് നിരക്കിനേക്കാൾ രണ്ട് ശതമാനത്തിൽ കൂടുതൽ) പലിശ ഈടാക്കിയതായി ഇൻസ്പെക്ടർക്കോ, ലൈസൻസിംഗ് അതോറിറ്റിക്കോ ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്ക്മേൽ |

അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | മിതമായ പലിശ നിരക്കിൽ സാധാരണക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം വായ്പകൾക്ക് ജാമ്യ വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ ; | (സി) | മിതമായ പലിശ നിരക്കിൽ സാധാരണക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ടി വിഷയം ചർച്ച ചെയ്യുന്നതിനായി 22-05-2014-ൽ പ്രത്യേക സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുകയും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബാങ്കുകളോടാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നിയമാനുസൃതം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ റിസർവ്വ് ബാങ്ക് ചട്ടപ്രകാരമുള്ള പലിശ മാത്രമാണ് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | മണിലെൻഡേഴ്സ് ആക്ടിൻകീഴിൽ ലൈസൻസ് എടുത്തിട്ടുള്ള മണിലെൻഡർമാർക്ക് റിസർവ്വ് ബാങ്ക് ചട്ടപ്രകാരമുള്ള നിരക്കല്ല മറിച്ച് കേരള മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള പലിശ നിരക്കാണ് ബാധകമായിട്ടുള്ളത്. കേരള മണിലെൻഡേഴ്സ് ആക്ടിലെ സെക്ഷൻ 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7(1)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ (ബാങ്ക് നിരക്കിനേക്കാൾ രണ്ട് ശതമാനത്തിൽ കൂടുതൽ) പലിശ ഈടാക്കിയതായി ഇൻസ്പെക്ടർക്കോ, ലൈസൻസിംഗ് അതോറിറ്റിക്കോ ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്ക്മേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം അനുസരിച്ചും നടപടികൾ സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ.